മറ്റും ഒരുക്കിയശേഷം അങ്ങേയ്ക്ക് ഞാൻ നിവേദനം തന്നിട്ട് രണ്ടുവർഷമായി. അങ്ങ് അത് അനുവദിക്കുമെന്നും പറഞ്ഞു. അവിടെ അടിയന്തിരമായി മാവേലി സ്റ്റോർ തുറന്നുപ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : സർ, ഒരെണ്ണം അനുവദിച്ചില്ലേ? കഴിഞ്ഞ വർഷം ഒരു എം.എൽ.എ.യുടെ നിയോജകമണ്ഡലത്തിൽ ഒരു മാവേലിസ്റ്റോർ അനുവദിക്കാം എന്നുപറഞ്ഞതനുസരിച്ച് അദ്ദേഹത്തിന്റെ മണ്ഡലത്തിലും അനുവദിച്ചു. ഉത്ഘാടനം ചെയ്തുകഴിഞ്ഞു. ഇപ്പോൾ അദ്ദേഹം പറയുന്നത് ഈ വർഷം തുടങ്ങേണ്ടതിന്റെ കാര്യമാണ്. അത് പരിഗണിക്കാം.

മി. സ്പീക്കർ : ചോദ്യം (*452)-ഉം (*469)-ഉം ക്ലബ് ചെയ്തു എടുക്കാം.

2 (*452) ജനസേവനകേന്ദ്രങ്ങൾ

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. എം നാരായണൻ (ഹോസ്ദുർഗ്ഗ്) :
ശ്രീമതി ആർ ലതാദേവി :
ശ്രീ. പി. രാജു :
ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനസേവനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കേന്ദ്രങ്ങൾ; എവിടെയെല്ലാം;

(സി) ജനസേവനകേന്ദ്രങ്ങളിൽ ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ)&(ബി) ഉണ്ട്. പൊതുജനങ്ങൾക്ക് നിത്യ ജീവിതത്തിൽ അവശ്യം വേണ്ടുന്ന സേവനം നൽകുന്ന വിവിധ വകുപ്പുകൾ, ഏജൻസികൾ എന്നിവയിലെല്ലാം പോകാതെതന്നെ ഇവയുടെപ്രധാനപ്പെട്ട സേവനങ്ങളും പ്രയോജനങ്ങളും വിവരവിനിമയ സാങ്കേതികതയിലൂടെ സമന്വയിപ്പിച്ച് ഒരു ഏകജാലക സംവിധാനത്തിൽക്കൂടി ലഭ്യമാക്കുന്ന 'സമഗ്ര സേവന കേന്ദ്രം' തിരുവനന്തപുരം നഗരസഭാ അതിർത്തിക്കുള്ളിൽ ഒരു പൈലറ്റ് പ്രോജക്ടായി നടപ്പാക്കുന്നതിന് തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്.

(സി) പ്രസ്തുത സമഗ്ര സേവന കേന്ദ്രത്തിൽ തിരുവനന്തപുരം നഗരസഭ, വൈദ്യുതി ബോർഡ്, ജല അതോറിറ്റി, മോട്ടോർ വാഹന വകുപ്പ്, സിവിൽ സപ്ലൈസ്, കേരള സർവ്വകലാശാല തുടങ്ങിയ വകുപ്പുകൾ/സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ ലഭ്യമാകുന്ന ഉപയുക്ത സേവനങ്ങളുടെ ബില്ലുകൾ സ്വീകരിക്കുക, അവയിലേയ്ക്ക് ഒടുക്കേണ്ട ഫീസ്/നികുതി തുടങ്ങിയവ സ്വീകരിക്കുക, പാസ്പോർട്ട് അപേക്ഷകൾ ലഭ്യമാക്കുക തുടങ്ങിയവയ്ക്കാവശ്യമായ സൗകര്യങ്ങൾ സജ്ജമാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

3 (*469) ജനസേവനകേന്ദ്രങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങൾ

ശ്രീ. എ. കണാരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈയിടെ പ്രഖ്യാപിച്ച 'ജനസേവന കേന്ദ്ര'ങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ജനസേവന കേന്ദ്രങ്ങൾ പരീക്ഷണാർത്ഥം ഏതൊക്കെ നഗരങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുജനങ്ങൾ അടയ്ക്കേണ്ട ഏതൊക്കെ നികുതികളാണ് ജന സേവന കേന്ദ്രങ്ങളിലൂടെ സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിന് സൗകര്യപ്പെടു ത്തിയിരിക്കുന്നതെന്നു വ്യക്തമാക്കുമോ;

(ഡി) ജനസേവനകേന്ദ്രങ്ങൾ ഗ്രാമപ്രദേശത്ത് ആരംഭിക്കാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീക രിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ജനസേവന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി ബന്ധപ്പെട്ടവർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്)പണമിടപാടുകൾക്ക് പുറമേ മറ്റെന്തെങ്കിലും സേവനം ജനസേ വന കേന്ദ്രങ്ങൾ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശി ക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിവര സാങ്കേതിക നയത്തിൽ വിവര വിനിമയ വിദ്യ പ്രയോജനപ്പെടുത്തി സർക്കാരിന്റെ സേവനം പൊതുജ നങ്ങളിലേയ്ക്ക് അവർക്ക് വഹിക്കാവുന്ന ചെലവിൽ എത്തിക്കുമെന്ന് വിഭാ വന ചെയ്തിട്ടുണ്ട്. അതിനനുസരണമായി പൊതുജനങ്ങൾക്ക് നിത്യജീവിത ത്തിൽ അവശ്യം വേണ്ടുന്ന സേവനം നൽകുന്ന വിവിധ വകുപ്പുകളുടെ സേവനരംഗം, വിവര വിനിമയസാങ്കേതികതയിലൂടെ ഒരു സ്ഥലത്തുനിന്നു തന്നെ ലഭ്യമാക്കുക എന്നതാണ് മുഖ്യമായ ലക്ഷ്യം.

(ബി) തിരുവനന്തപുരം നഗരസഭാതിർത്തിക്കുള്ളിലാണ് പരീക്ഷ ണാർത്ഥം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(സി) വസ്തു നികുതി, തൊഴിൽ നികുതി, കെട്ടിടനികുതി, മോട്ടോർ വാഹന നികുതി തുടങ്ങിയവയാണ് പ്രാരംഭമായി ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഇപ്പോൾ പരീക്ഷണാർത്ഥമാണ് തിരുവനന്തപുരം നഗരാ തിർത്തിയിൽ ആരംഭിക്കുന്നത്. ഇതിന്റെ പ്രവർത്തനം വിലയിരുത്തിയശേഷം ഗ്രാമപ്രദേശങ്ങളിൽ സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ഇപ്പോൾ നൽകിയിട്ടില്ല. എന്നാൽ പ്രസ്തുത കേന്ദ്രങ്ങൾ പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് പരിശീലനം നൽകുന്നതാണ്.

(എഫ്)ഉൾപ്പെടുത്തിയിട്ടുള്ള വകുപ്പുകളിൽ കൈകാര്യം ചെയ്യുന്ന വിവിധ ആവശ്യങ്ങൾക്കുള്ള അപേക്ഷാഫാറങ്ങളുടെ വിതരണവും പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കലും. കൂടാതെ ജനസേവനവുമായി ബന്ധപ്പെട്ട മറ്റ് മേഖ ലകളിൽകൂടി സേവനം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, സമഗ്ര സേവന കേന്ദ്രം ഇപ്പോൾ തുറന്നു പ്രവർത്തിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത് തിരുവനന്തപുരം നഗരാതിർത്തിയിൽ മാത്രമാണ്. ഗ്രാമപ്രദേശങ്ങളിലാണ് ഭൂരിപക്ഷം ജനങ്ങളും അധിവസിക്കുന്നത് എന്നുള്ളതുകൊണ്ട് ഗ്രാമപ്രദേശങ്ങളിൽ ഇത്തരം സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, ഇപ്പോൾ ഇത് പരീക്ഷണാർത്ഥമാണ്. പരീക്ഷണാർത്ഥം നടപ്പിലാക്കുന്നത് വിജയകരമായി നമുക്ക് അനുഭവപ്പെട്ടാൽ ഗ്രാമ പ്രദേശങ്ങളിലേയ്ക്കും നടപ്പിലാക്കാം.

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : സർ, സമഗ്ര സേവന കേന്ദ്രങ്ങൾവഴി ലഭ്യമാകുന്ന സൗകര്യങ്ങൾ ഏതെല്ലാമാണെന്നുള്ളതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കുകയുണ്ടായി. ഇത്തരം ഉപയുക്ത സേവനങ്ങളുടെ ബില്ലുകൾ സ്വീകരിക്കുക, അവയിലേയ്ക്ക് ഒടുക്കേണ്ട ഫീസ്, നികുതി തുടങ്ങിയവ സ്വീകരിക്കുക, പാസ്പോർട്ട് അപേക്ഷകൾ ലഭ്യമാക്കുക തുടങ്ങിയവയ്ക്കാവശ്യമായ സൗകര്യങ്ങൾ സജ്ജമാക്കും എന്നാണ് പറഞ്ഞിട്ടുള്ളത്. ഇത്രയും സൗകര്യങ്ങൾ മാത്രമേയുള്ളുവോ, അതോ ഇതിൽക്കൂടുതൽ എന്തെങ്കിലും സൗകര്യങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുവാൻ വേണ്ടി ആലോചിക്കുന്നുണ്ടോ?

ശ്രീ. ഇ.കെ. നായനാർ : സർ, പരീക്ഷണാർത്ഥം തുടങ്ങിയതാണ്, ഇത് കൂടുതൽ ആവശ്യമായി വരുന്ന അപേക്ഷകൾ കിട്ടുകയാണെങ്കിൽ അത് പരിശോധിക്കുന്നതാണ്.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : സർ, ജനങ്ങളുടെ വിവിധ ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുംവിധം ആരംഭിക്കുന്ന 'ജനസേവന കേന്ദ്രങ്ങൾ' നഗരങ്ങളിൽ പ്രവർത്തിക്കുന്നതുപോലെ നാട്ടിൻപുറങ്ങളിലെ സാധാരണക്കാർക്കുകൂടി സഹായകരമാവുംവിധത്തിൽ ബ്ലോക്ക് കേന്ദ്രങ്ങളിൽക്കൂടി മാസത്തിൽ ഒരിക്കൽ സിറ്റിംഗ് നടത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : സർ, സിറ്റിംഗ് അല്ല ഇത്. ഒരു കോർപ്പറേഷനകത്ത് ഏകജാലക സംവിധാനം നടപ്പിലാക്കാൻ തുടങ്ങുമ്പോൾ അതിൽ വരുന്നതായിരിക്കുന്ന സേവനങ്ങളുടെ ബില്ലുകൾ സ്വീകരിക്കലാണ്. വിവിധ വകുപ്പുകൾ ഇപ്പോൾ വിവിധ കേന്ദ്രങ്ങളിലാണ് ബില്ലുകൾ കൊടുക്കുക. മോട്ടോർ വാഹന വകുപ്പ് മോട്ടോർ വാഹനത്തിന്റെയും സിവിൽ സപ്ലൈസ് സിവിൽ സപ്ലൈസിന്റെയും സർവ്വകലാശാല സർവ്വകലാശാലയുടെയും ഇങ്ങനെ ഇതെല്ലാം കൂടി ഒരു സ്ഥലത്ത് കേന്ദ്രീകരിച്ച് ബിൽ കൊടുക്കുന്ന ഒരു ഏകജാലക സിസ്റ്റം ഡവലപ്ചെയ്യുന്നതിന്റെ പരീക്ഷണാർത്ഥമാണ്, ഇത് വിജയപ്രദമായാൽ ഗ്രാമത്തിലേയ്ക്കും കടക്കാം.

ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) : ഫലപ്രദമായി നടപ്പിലാക്കുന്നതോടൊപ്പം ഈ ബില്ലുകളിലടക്കം വരുന്ന പരാതികളെ സംബന്ധിച്ച് പരാതികൾ ബോധിപ്പിക്കാനും അതിന് പരിഹാരമുണ്ടാക്കാനും കൂടി ഈ സന്ദർഭത്തിൽ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ: പരിഹാരമുണ്ടാകുമല്ലോ. ഇതിൽ വരുന്ന ആക്ഷേപങ്ങൾ പരിശോധിക്കാമല്ലോ, ഒരു സ്ഥലത്തു കേന്ദ്രീകരിച്ചു കൊടുക്കുന്നതുകൊണ്ട് അതിൽവരുന്ന ആക്ഷേപങ്ങൾ പരിശോധിക്കാൻ എളുപ്പമാണ്. മുൻപത്തെപ്പോലെ അല്ല, മുൻപ് എല്ലാ ഡിപ്പാർട്ടുമെന്റിലും പരിശോധിക്കണം, ഇപ്പോൾഒരു സ്ഥലത്ത് പരിശോധിച്ചാൽ മതി.

<u>ശ്രീമതി ആർ ലതാദേവി</u> : സർ, തിരുവനന്തപുരം നഗരസഭാതിർത്തി ക്കുള്ളിൽ ഒരു പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്ന സമഗ്രജനസേവന കേന്ദ്രത്തിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കു ന്നതെന്ന് അറിയിക്കാമോ?

<u>ശ്രീ. ഇ.കെ. നായനാർ</u>: താമസിയാതെതന്നെ നടപ്പിലാക്കാം.

<u>ശ്രീമതി ആർ. ലതാദേവി</u> : സർ, ഇതിലേയ്ക്കുള്ള ഉദ്യോഗസ്ഥൻമാരെ കണ്ടെത്തുന്നത് എങ്ങനെയാണെന്നും, ഇത് വിവിധ വകുപ്പുകളെ ഏകോപിപ്പി ച്ചുകൊണ്ടുള്ള പ്രവർത്തനം ആയതുകൊണ്ട് ഇതിന്റെ മോണിറ്ററിംഗ് സംവി ധാനം എങ്ങനെയായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ചും അറിയിക്കാമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഒരു ഏകജാലകസംവിധാനം നടപ്പിലാക്കു മ്പോൾ വ്യത്യസ്ത തരത്തിലുള്ള ഉദ്യോഗസ്ഥൻമാർ വേണം, ഇതിന് പ്രത്യേക തരത്തിലുള്ള ഉദ്യോഗസ്ഥൻമാരെതന്നെ നിശ്ചയിക്കുന്നതാണ്.

<u>ശ്രീ. പി. രാജു</u> : സർ, ഇന്ന് ഡ്രൈവിംഗ് ലൈസൻസ് എടുക്കാൻ കേര ളത്തിൽ വളരെ കാലതാമസം ഉണ്ടാകുന്നുണ്ട്. അതുകൊണ്ട് ഈ ജനസേവന കേന്ദ്രം വഴി ഡ്രൈവിംഗ് ലൈസൻസ് നൽകാൻ നടപടി സ്വീകരിക്കുമോ; അതുപോലെതന്നെ ആധാരം രജിസ്റ്റർ ചെയ്യാനും രജിസ്ട്രാർ ഓഫീസിൽ കൊടുത്ത് പകർപ്പെടുക്കാനും രജിസ്ട്രേഷനുമെല്ലാം കാലതാമസമുണ്ടാ കുന്നുണ്ട്. ഇപ്പോൾ ഇൻഡ്യയിൽ ഹൈദരാബാദ് പട്ടണത്തിൽ ഹൈടെക് സിറ്റിയിൽ ഇതുപോലുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മൾ ഫീസ് അടച്ചുകഴിഞ്ഞാൽ ഒരു മണിക്കൂറിനകം ടെസ്റ്റ് നടത്തി ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വസ്തു രജിസ്റ്റർ ചെയ്യുന്നതിന് ഒന്നോ രണ്ടോ മണിക്കൂറിനുള്ളിൽ രജിസ്റ്റർ ചെയ്യുന്ന ആധാരത്തിന്റെ പകർപ്പ് നമുക്ക് ഡിസ്കായി കിട്ടുന്നതിനുള്ള സാവിധാനം ഹൈദരാബാദ് പട്ടണത്തിൽ ഏർപ്പെടുത്തിയിട്ടുണ്ട്. അതേ മോഡലിലുള്ള സംവിധാനം തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും ഏർപ്പെടു ത്താനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : ഹൈദരാബാദിൽ ഏർപ്പെടുത്തിയിട്ടുള്ളത് ശരിതന്നെ. അതുപോലെതന്നെ ഇവിടെയും നടപ്പിലാക്കാൻ തന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. കൊച്ചിയിലും കോഴിക്കോടും ഇവിടത്തെ എക്സ്പെരി മെന്റിനുശേഷം നടത്തുന്നതാണ്.

<u>ശ്രീ. പി. രാജു</u> : ഇവിടെയിപ്പോൾ സർക്കാരിലേയ്ക്ക് അടയ്ക്കേണ്ട നികുതികൾ, ഫീസുകൾ തുടങ്ങിയവ ഈടാക്കുന്നതിനുള്ള സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. പ്രധാനമായും കേരളത്തിൽ മന്ത്രിമാർക്ക് കൊടു ക്കുന്ന പരാതികൾ ജനസേവന കേന്ദ്രത്തിൽ സ്വീകരിക്കുന്നതിനുള്ള എന്തെ ങ്കിലും സംവിധാനം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുമോ?

<u>ശ്രീ. ഇ.കെ. നായനാർ</u> : അത് ആലോചിച്ചിട്ടില്ല.

<u>ശ്രീ. ജോസ് ബേബി</u> : നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ ആരംഭിക്കു മെന്ന് പറഞ്ഞിട്ടുള്ള ജനസേവന കേന്ദ്രങ്ങൾ പുതിയ ഒരു ആശയമാണ്. ഒരു പുതിയ ആശയമെന്ന നിലയ്ക്ക് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള വിവിധ വകുപ്പു കളുടെ പ്രവർത്തനം പരിശോധിക്കുന്നതോടൊപ്പംതന്നെ വിവിധ വകുപ്പുക ളിലുള്ള ഒഴിവുകൾ മനസ്സിലാക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടു ത്തുമോ? അതുകൂടി ഇക്കാര്യത്തിൽ പരിശോധിക്കാനുള്ള നടപടി സ്വീകരി ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ.കെ. നായനാർ : ഇപ്പോൾ വിവിധ വകുപ്പുകളുടെ ബില്ലുകൾ പരിശോധിക്കാൻ മാത്രമേ സംവിധാനമുള്ളൂ. ഒഴിവുകൾ വേറെ ഡിപ്പാർട്ടുമെന്റ് തന്നെ പരിശോധിക്കാം.

ശ്രീ. ജോസ് ബേബി : നമ്മുടെ സംസ്ഥാനത്ത് തിരുവനന്തപുരം കോർപ്പറേഷൻ അതുപോലെ കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിൽ ജന സേവന കേന്ദ്രങ്ങൾ ഉണ്ട്. അതോടൊപ്പം കൊല്ലത്തും തൃശ്ശൂരും തുടങ്ങുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള ജനസേവനകേന്ദ്രങ്ങൾ പൈലറ്റ് പ്രോജക്ടായി തീരുമാനിച്ചിരിക്കുന്നതോടൊപ്പം ഗ്രാമീണ നിലവാരത്തിലും, പ്രത്യേകിച്ച് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സുമായി ഈ കേന്ദ്രങ്ങളെ ബന്ധപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുമോ? അതായിരിക്കും ജനങ്ങൾക്ക് കൂടുതൽ പ്രയോജനകരമാകുക എന്നു തോന്നുന്നു. അതുകൊണ്ട് അക്കാര്യത്തിൽ സർക്കാർ എന്തെങ്കിലും ആലോചിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : തിരുവനന്തപുരത്ത് വിജയപ്രദമായാൽ താലൂക്കുകളിലേയ്ക്കും ബ്ലോക്കുകളിലേയ്ക്കും ഈ കേന്ദ്രങ്ങൾ വ്യാപിപ്പിക്കാം. ഇത് എക്സ്പെരിമെന്റൽ ആയിട്ടാണ് നടപ്പിലാക്കുന്നത്. അതുകൊണ്ട് ഇതു വിജയിക്കട്ടെ പ്രാർത്ഥനയല്ല, നടപ്പിൽ വരുത്തുകയാണ്.

ശ്രീ. എ. കണാരൻ : വസ്തു നികുതി, മോട്ടോർ വാഹന നികുതി, തൊഴിൽ നികുതി, കെട്ടിടനികുതി തുടങ്ങിയ എല്ലാ നികുതികളും അടയ്ക്കാനുള്ള സേവനം ജനസേവന കേന്ദ്രത്തിൽക്കൂടി ലഭ്യമാക്കാമോ?

ശ്രീ. ഇ.കെ. നായനാർ : വസ്തു നികുതി, കെട്ടിട നികുതി, മോട്ടോർ വാഹന നികുതി തുടങ്ങിയവയെല്ലാം പ്രാരംഭമായി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെയൊക്കെ ബില്ലുകളെല്ലാം ഏകജാലകസമ്പ്രദായത്തിൽ പ്രത്യേകം വരും.

ശ്രീ. എ. കണാരൻ : ഈ ലഭ്യമാകുന്ന സേവനങ്ങൾ മറ്റ് ബന്ധപ്പെട്ട ഓഫീസുകളിൽകൂടി തുടർന്നും ലഭ്യമാക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഇവിടെ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതിന്റെ ബന്ധപ്പെട്ട ബില്ലുകളൊക്കെ ഇവിടെ വരികയാണ് ചെയ്യുക. ഇവിടെനിന്ന് അങ്ങോട്ടു പോകില്ല.

ശ്രീ. എം.വി. ജയരാജൻ : സർ, വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളാണ് ഇവിടെ നടക്കാൻ പോകുന്നത്. സമഗ്ര സേവന കേന്ദ്രത്തിൽ വിവിധ വകുപ്പുകളുടെ സേവനംകൂടി ലഭ്യമാക്കേണ്ടതുകൊണ്ടുതന്നെ ഫലപ്രദമായ ഒരു മോണിറ്ററിംഗ് സിസ്റ്റം വേണം. അതുകൊണ്ട് ഇതിന്റ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനുവേണ്ടി ഉത്തരവാദപ്പെട്ട ഒരു ഉദ്യോഗസ്ഥന്റെ ചുമതലയും അതിനുള്ള സംവിധാനവും ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ഇ.കെ. നായനാർ : അക്കാര്യം പരിശോധിക്കാം.

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : തൊഴിൽമേഖലയിലെ വളർച്ചയ്ക്ക് അനുസൃതമായി സർക്കാർ സ്ഥാപിക്കാനുദ്ദേശിക്കുന്ന സമഗ്ര കേന്ദ്രത്തിന്റെ സേവനങ്ങൾ കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ.കെ. നായനാർ : ഇതിന്റെ സേവനം ലഭിക്കുന്നത് ജനങ്ങൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി.കെ. ചന്ദ്രൻ : ജനസേവന കേന്ദ്രത്തിന്റെ നടത്തിപ്പിന് ആവശ്യമായ ഉദ്യോഗസ്ഥൻമാരെ ഏത് രീതിയിലാണ് നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ഇ.കെ. നായനാർ : സാധാരണ ഉദ്യോഗസ്ഥരെ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴിയല്ലേ എടുക്കുന്നത്; അതിലെ സമ്പ്രദായത്തിന് വ്യത്യാസമുണ്ടോ?

4 (*453) **സ്ത്രീ തടവുകാരുടെ ക്ഷേമത്തിനുള്ള പദ്ധതികൾ**

ശ്രീ. എൻ. അനിരുദ്ധൻ :

പ്രൊഫ. മീനാക്ഷി തമ്പാൻ :

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ തടവുകാരുടെ സംരക്ഷണത്തിനായി ജസ്റ്റീസ് വി. ആർ. കൃഷ്ണയ്യർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തെല്ലാമാണ്;

(ബി) ഈ ശുപാർശകളിൽ ഏതെല്ലാം ഇതുവരെ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ഈ ശുപാർശകൾ പൂർണ്ണമായും നടപ്പാക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള ഏതെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നു വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ,

(എ) ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ അദ്ദേഹത്തിന്റെ റിപ്പോർട്ട് സമർപ്പിച്ചത് കേന്ദ്രസർക്കാരിനാണ്. വനിതാ തടവുകാരെ സംബന്ധിച്ച് ജയിൽ ഭരണ ക്രമവുമായി ബന്ധപ്പെട്ട് 44 ശുപാർശകൾ പ്രസ്തുത റിപ്പോർട്ടിലുണ്ടായിരുന്നു. വനിതകൾക്ക് മാത്രമായി ജയിലുകൾ സ്ഥാപിക്കുക, ശരിയായ വൈദ്യസഹായം നൽകുക, കൃത്യമായ അളവിലും ക്രമത്തിലും ഭക്ഷണം നൽകുക, ശരിയായ അളവിൽ വസ്ത്രങ്ങൾ നൽകുക, പ്രായമായവർക്കും അസുഖമുള്ളവർക്കും അധിക വസ്ത്രങ്ങൾ നൽകുക, സ്ത്രീകളുടെ വ്യക്തിപരമായ ശുചിത്വം പാലിക്കുന്നതിനായി ആവശ്യമുള്ള വസ്തുവകകൾ നൽകുക, സ്ത്രീകൾ ചെയ്യുന്ന ജോലിക്ക് തുല്യമായ വേതനം നൽകുക, അവരുടെ പുനരധിവാസവും സ്വഭാവരൂപീകരണവും ലക്ഷ്യമാക്കി തൊഴിൽ പരിശീലിപ്പിക്കുക, വിദ്യാഭ്യാസത്തിനും വിനോദത്തിനുമുള്ള സൗകര്യങ്ങൾ നൽകുക, മാനസികരോഗികളെ മാനസികാശുപത്രിയിലേയ്ക്ക് മാറ്റുക, ജയിലുകളിൽ സ്ത്രീ ജീവനക്കാരെ ആവശ്യത്തിനു നിയമിക്കുക എന്നിവയാണ് പ്രധാന ശുപാർശകൾ.

(ബി) നെയ്യാറ്റിൻകരയിൽ ഒരു വനിതാ ജയിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വിയ്യൂർ, തലശ്ശേരി, ദേവികുളം, ഒറ്റപ്പാലം, കൊയിലാണ്ടി, കോട്ടയം എന്നീ സബ്ജയിലുകളിൽ സ്ത്രീകൾക്കായി പ്രത്യേകം ബ്ലോക്കുകൾ നിർമ്മിക്കുകയുണ്ടായി. ഇതിനുപുറമെ വിയ്യൂർ സ്പെഷ്യൽ സബ്ജെയിൽ കെട്ടിടം പുതിയൊരു വനിതാ ജയിലാക്കുന്നതിനും കണ്ണൂർ സെൻട്രൽ ജയിലിലെ വനിതാ ബ്ലോക്ക് മുന്നാമത്തെ വനിതാജയിലായി പ്രവർത്തനമാരംഭിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു. വനിതാ തടവുകാർക്ക് ആവശ്യമായ വൈദ്യസഹായവും വനിതാ ഡോക്ടറുടെ സേവനവും ലഭ്യമാ